കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് പിഴകൂടാതെ ഒടുക്കുന്നതിന്റെ കാലാവധി 20.03.2020 വരെ ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം. 509/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 28.02.2020

പരാമർശം: 1) സ.ഉ.(സാധാ)നം.446/2019/തസ്വഭവ തീയതി 27.02.2019 .

2) കോഴിക്കോട് നഗരസഭാ മേയർ 20.02.2020 തീയതിയിൽ സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ലൈസൻസ് ഫീസ് പിഴകൂടാതെ ഒടുക്കുന്നതിനുള്ള അവസാന തീയതി 20.03.2019 വരെ ദീർഘിപ്പിച്ച് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ഈ വർഷവും ലൈസൻസ് പുതുക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് പരാമർശം(2) പ്രകാരം നിവേദനം സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പഞ്ചായത്ത്/നഗരസഭകളിൽ വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് പിഴകൂടാതെ ഒടുക്കുന്നതിനുള്ള അവസാന തീയതി 20.03.2020 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത എസ്.ഡി**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ നഗരസഭ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽഅക്കൗണ്ടന്റ്ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ),കേരള

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (RC3/108/2019/ISGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ